**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മുൻ എം.എൽ.എ. ശ്രീ.ലൂഡി ലൂയിസ് അവർകളുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നമ്പർ.4051/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 15/12/2017

---

പരാമർശം :- (1) സ.ഉ.(സാധാ) നമ്പർ 3440/2017/തസ്വഭവ തീയതി 28.10.2017.

(2) ബഹു.പ്രതിപക്ഷ നേതാവ് ശ്രീ.രമേശ് ചെന്നിത്തല അവർകളുടെ 01.12.2017 ലെ 2207/LOP/2017 നമ്പർ കത്ത്.

ഉത്തരവ്

മുൻ എം.എൽ.എ. ശ്രീ.ലൂഡി ലൂയിസ് അവർകളുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ഉൾപ്പെടുത്തി "കാർത്തികപള്ളി പഞ്ചായത്തിലെ എആർഡി 142 റേഷൻ കട – കെ.എസ്.ആർ.ടി.സി റോഡ്" നിർവ്വഹണത്തിന് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു.

(2) ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിന് ഉത്തരവ് ഉണ്ടാകണമെന്ന് ബഹു.പ്രതിപക്ഷ നേതാവ് ശ്രീ.രമേഷ് ചെന്നിത്തല പരാമർശം (2) ലെ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു.

(3) നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, "കാർത്തികപള്ളി പഞ്ചായത്തിലെ എആർഡി 142 റേഷൻ കട – കെ.എസ്.ആർ.ടി.സി റോഡ് നിർവ്വഹണം" എന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായിട്ട് നടപ്പാക്കുന്നതിനും, ആയതിലേയ്ക്കുള്ള തുക പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു.എൽ
സ്പെഷ്യൽ സെക്രട്ടറി

ശ്രീ.രമേശ് ചെന്നിത്തല, പ്രതിപക്ഷ നേതാവ് (പ്രതിപക്ഷ നേതാവിന്റെ പി.എസ്.മുഖാന്തിരം)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, കാർത്തികപള്ളി പഞ്ചായത്ത്.
സെക്രട്ടറി, ഹരിപ്പാടി നഗരസഭ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ധനകാര്യ വകുപ്പ്
വിവര പൊതുജനസമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ